**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1442** **19-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ സംരക്ഷണ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാരിന്റെ പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് ഈ വർഷം മുതൽ നടപ്പിലാക്കാനാണോ സർക്കാർ തീരുമാനിച്ചിരിക്കുന്നത്; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കേന്ദ്ര വിദ്യാഭ്യാസ നയത്തോട് സംസ്ഥാന സർക്കാർ യോജിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്രസർക്കാരിന്റെ പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കേന്ദ്ര വിദ്യാഭ്യാസ നയത്തോട് സംസ്ഥാന സർക്കാരിന്റെ സമീപനം എങ്ങനെയായിരിക്കണം എന്നതിൽ ചർച്ചകൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ കൂടി പരിഗണിച്ച് ബന്ധപ്പെട്ട എല്ലാവരുമായി വിശദമായ ചർച്ചകൾക്കും അഭിപ്രായ രൂപീകരണത്തിനും ശേഷം നടപ്പിലാക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ തെരഞ്ഞെടുക്കുന്ന സ്കൂളുകളുടെ സമീപമുള്ള ചെറിയ സ്കൂളുകളെ സംരക്ഷിക്കാൻ എന്തെങ്കിലും പാക്കേജുകൾ ആസൂത്രണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | കേന്ദ്രസർക്കാരിന്റെ പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കേന്ദ്ര വിദ്യാഭ്യാസ നയത്തോട് സംസ്ഥാന സർക്കാരിന്റെ സമീപനം എങ്ങനെയായിരിക്കണം എന്നതിൽ ചർച്ചകൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ കൂടി പരിഗണിച്ച് ബന്ധപ്പെട്ട എല്ലാവരുമായി വിശദമായ ചർച്ചകൾക്കും അഭിപ്രായ രൂപീകരണത്തിനും ശേഷം നടപ്പിലാക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ